**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389** **07-10-2024 - ൽ മറുപടിയ്ക്ക്**

**കെ.സ്വിഫ്റ്റ് വഴി ബിസിനസ് ആരംഭിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.സ്വിഫ്റ്റ് (ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് മെക്കാനിസം )വഴിയുള്ള അപേക്ഷ പ്രകാരം ബിസിനസ് ആരംഭിക്കുന്നവർക്ക് 3 വർഷത്തിനുള്ളിൽ എല്ലാ രേഖകളും ഹാജരാക്കേണ്ടി വരുന്നതിന്റെ ഭാഗമായി പിന്നീട് ബിസിനസ് ആരംഭിച്ച കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടതായി വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ആരംഭഘട്ടത്തിൽ തന്നെ സംരംഭകരെ സഹായിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്ത് തലത്തിൽ (തദ്ദേശ സ്ഥാപനങ്ങൾ) സംവിധാനമൊരുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) | സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങ ളുടെ (എം.എസ്.എം.ഇ) സ്ഥാപനം പ്രവർത്തനം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിയ 2019- ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിന് കീഴിലാണ് കെ സ്വിഫ്റ്റിലൂടെ കൈപ്പറ്റ് സാക്ഷ്യപത്രം നല്കുന്നത്. നിയമത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളെല്ലാം പാലിക്കുന്നുണ്ടെന്ന് അപേക്ഷകൻ സത്യപ്രസ്താവന നൽകിയതിന് ശേഷമാണ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നത്. ടി നിയമപ്രകാരം ചുമതലപ്പെട്ട ത്തിയിട്ടുള്ള അധികാര സ്ഥാപനമായ (നോഡൽ ഏജൻസി) ജില്ലാ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡിന്റെ കൺവീനർ എന്ന നിലയിൽ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി കൈപ്പറ്റ് സാക്ഷ്യപത്രം ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുമ്പോൾ സംരംഭകർ ഉറപ്പ് വരുത്തേണ്ട കാര്യങ്ങളെപ്പറ്റിയെല്ലാം കൃത്യമായി അവബോധം സൃഷ്ടിക്കാ നുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള ഇൻറ്റേൺസിലൂടെ (EDEs) ഇത്തരത്തിൽ സംരംഭകർക്ക് അവബോധം നൽകാനുള്ള മാർഗ്ഗങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേ റ്റിൽ നിന്നും സ്വീകരിക്കുന്നുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 11/11/2019 തീയതിയിലെ PAN/6080/19/C4(DP) നമ്പർ സർക്കുലർ പ്രകാരം ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായുള്ള കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി ഗ്രാമ പഞ്ചായത്തുകളിൽ ഫ്രണ്ട് |

| | | | |
|---|---|---|---|
| | | | ഓഫീസിനോടനുബന്ധിച്ച് ഹെൽപ്പ് ഡസ്ക് ആരംഭിക്കേണ്ടതും ഇതിന്റെ പൂർണ ചുമതല സൂപ്രണ്ട്/ ഹെഡ്ക്ലർക്കിന് നൽകേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തുകളിൽ പുതിയ വ്യവസായ സംരംഭക പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് സന്നദ്ധരായി എത്തുന്നവർക്ക് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ഹെൽപ്പ് ഡസ്ക് മുഖേന നൽകേണ്ടതാണ്. കൂടാതെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, (ജി.ഒ.(പി) നം 78/2019/തസ്വഭവ തീയതി 2/11/2019) ഉത്തരവ് 8/11/2019 മുതൽ പ്രാബല്യത്തിൽ വന്നതിനാൽ കെട്ടിട നിർമ്മാണാനുമതികളും അപേക്ഷകളും മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിനും ഉത്തരവായിട്ടുള്ളതാണ്.<br><br>കെ സ്വിഫ്റ്റ് പോർട്ടലിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലോഗിൻ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ കെ സ്വിഫ്റ്റ് ലോഗിൻ മുഖേന ലഭ്യമായ അപേക്ഷകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് പരിശോധിക്കുവാൻ കഴിയുന്നതും ബിസിനസ് ആരംഭിച്ച കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടതായി വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ആരംഭഘട്ടത്തിൽ തന്നെ സംരംഭകരെ സഹായിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്ത് തലത്തിൽ കഴിയും. |

സെക്ഷൻ ഓഫീസർ